# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 921 04/03/2020-ൽ മറുപടിക്ക്

## കരിയർ ഗൈഡൻസ് സംവിധാനം

| ചോദ്യം<br>ശ്രീ.വി.കെ.സി. മമ്മത് കോയ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് വകുപ്പിൽ ആരംഭിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ അറിവും പരിശീലനവും നൽകുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ<br>2. തൊഴിൽരഹിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'കൈവല്യ' പദ്ധതി. |
| (ബി) | വിദ്യാർത്ഥികളെയും യുവാക്കളെയും തൊഴിലിന് പ്രാപ്തമാക്കുവാൻ ഉതകുന്ന കരിയർ ഗൈഡൻസ് സംവിധാനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വിദ്യാർത്ഥികളെയും യുവാക്കളെയും തൊഴിലിന് പ്രാപ്തരാക്കുവാൻ ഉതകുന്ന കരിയർ ഗൈഡൻസ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | കരിയർ നയം പ്രഖ്യാപിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം എന്ന നിലയിൽ സ്വകാര്യ കരിയർ ഗൈഡൻസ് സ്ഥാപനങ്ങൾക്കു കൂടി ബാധകമാകുന്ന പ്രാഥമിക നിബന്ധനകൾ ഈ മേഖലയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ-യെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന കരിയർ നയം പ്രഖ്യാപിച്ചിട്ടില്ല. അന്തിമ ഘട്ട ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ